# ടീച്ചർക്കുള്ള രണ്ടാമത്തെ മറുപടി

ബഹുമാനത്തോടെ ടീച്ചർ സബിത (സുബൈദ) അറിയുവാൻ.
സുഖമെന്ന് കരുതുന്നു. അല്ലാഹു കൂടുതൽ സന്തോഷത്തിലാക്കട്ടെ.
താങ്കൾ അയച്ച മെയിൽ കിട്ടി.
ഞാൻ പ്രതീക്ഷതിൽനിന്നും തികച്ചും ഭിന്നമായ സ്വരത്തിലാണ് താങ്കളുടെ മെയിലിൽ.
ആദ്യമായി താങ്കൾ പറയുന്നു.
“നിന്റെ ചില അഭിപ്രായങ്ങൾ നിർബ്ബന്ധമായും പുനഃപരിശോധിക്കേണ്ടതുണ്ട് ”
ടീച്ചർ, ശരി, എന്റെ ഏത് അഭിപ്രായമാണ് തിരുത്തേണ്ടത് ? തിരുത്തണമെന്ന് പറഞ്ഞതല്ലാതെ എന്ത് തിരുത്തണമെന്ന് താങ്കൾ പറഞ്ഞില്ല. അടുത്ത മറുപടിയിൽ താങ്കൾ അക്കമിട്ട് പറയുക. എന്റെമനസ്സിന് ശരിയാണെന്ന് തോന്നുന്നത് തിരുത്താൻ ഞാൻ തയ്യാറാണ്.
താങ്കളുടെ മെയിലിലെ ഒരുവരി ഞാൻ കുറിക്കുന്നു:
‘‘ഞാനൊരിക്കലും അബ്ദുല്ല ശരിയാകാനല്ല എഴുതുന്നത്, മറിച്ച് എന്റെ മനസ്സിന് ആശ്വാസം ലഭിക്കാനാണ് ”
ഈവരി എന്നെ വല്ലാതെവേദനിപ്പിച്ചു കാരണം താങ്കളെ എനിക്ക് ആദ്യം അറിയില്ല. റിയാദിലുള്ള അഷ്റഫ് കണ്ണമംഗലം താങ്കളെ എനിക്ക് പരിജയപ്പെടുത്തി തന്നതാണ്. പക്ഷേ, താങ്കൾ എന്തോ മുൻധാരണവെച്ചാണ് സംസാരിക്കുന്നത്. അത് താങ്കളുടെ മെയിലിൽ ശരിക്കും വ്യക്തമാകുന്നു. ആയതിനാൽ അത്തരം മുൻവിധികൾ ഒഴിവാക്കി സത്യംമാത്രം കണ്ടെത്തുക എന്ന ലക്ഷ്യം നമുക്ക് ഉണ്ടായിരിക്കുമ്പോഴേ ഈ ചർച്ച കൊണ്ട് ഫലം ഉണ്ടാവുകയുള്ളൂ.
താങ്കളെക്കുറിച്ച് വളരെമതിപ്പുണ്ട്. കാരണംവൈകുന്നേരം 7മണിക്കാണ് ഞാൻ താങ്കൾക്ക് മെയിൽ അയച്ചത്. പിറ്റെ ദിവസം രാവിലെ ഞാൻ ഓഫീസിൽ നിന്ന് മെയിൽ തുറന്നപ്പോൾ താങ്കളുടെ 8 പേജുള്ള ഒരു മറുപടിയാണ് കാണാനിടയായത്,,,,മാഷാ അല്ലാഹ്,,,,ഈ പരിശുദ്ധദീനിലുള്ള താങ്കൾക്കുള്ള താൽപര്യമാണ് അതിൽനിന്ന് മനസ്സിലാവുന്നത്. നമ്മുടെനാടുകളിലും ഇവിടെഗൾഫിലും വിദ്യാഭ്യാസമുള്ള എത്രയോ സ്ത്രീകൾ ടിവിയുടെയും കംപ്യൂട്ടറിന്റെയും മുമ്പിൽ സമയം അനാവശ്യമായി നഷ്ടപ്പെടുത്തുന്നു. അത്തരക്കാർ താങ്കൾക്ക് അയക്കുന്ന ഈ മറുപടിയിൽനിന്നവർ താങ്കളെ മനസ്സിലാക്കട്ടെ, അവർക്കും അവരുടെ വീട്ടിലിരുന്നു ഇത്തരം കാര്യങ്ങൾ(പ്രബോധനം) ചെയ്യാൻ സാധ്യമാകുമെന്നതിനു താങ്കളവർക്കു മാതൃകയാവട്ടെ എന്നു ഞാൻ പ്രത്യാശിക്കുന്നു. ഇസ്ലാമിന്റെ പ്രബാധനം നടത്തുമ്പോൾ നമ്മുടെ ലക്ഷ്യം അവരെ നന്നാക്കലായിരിക്കണം. നൂഹ്നബി(അ)950 വർഷം പ്രബോധനം നടത്തിയിട്ട് ആകെ കിട്ടിയത് അമ്പതിൽപരം ആളുകളെയാണ്. ഇത്രയും വർഷക്കാലം അവർക്ക് പ്രതീക്ഷയുണ്ടായിരുന്നു എന്നല്ലേ ഇതിൽനിന്നു മനസ്സിലാവുന്നത്. താങ്കൾ സത്യം മനസ്സിലാക്കിയിരുന്നെങ്കിൽ എന്നആശയും അതിലുപരിപ്രതീക്ഷയും എനിക്കുണ്ട്. ഒരാൾ സത്യം സ്വീകരിച്ചില്ലെങ്കിലും അവർക്ക് പ്രബോധനം ചെയ്തുവല്ലോ എന്നുള്ള ഒരാശ്വാസം ഉണ്ടാകുമെന്നു താങ്കൾ സൂചിപ്പിച്ചതിനെ ഞാൻ തള്ളുന്നില്ല. അതു മാത്രമാകരുതെന്നു മാത്രമാണ് ഞാൻ പറഞ്ഞു വന്നത്.

പൂർവ്വീക പണ്ഡിതരെ സ്വീകരിക്കാതെ തന്നെ നമുക്ക് എല്ലാ കാര്യങ്ങളും ഖുർആനിൽനിന്നും ഹദീസിൽനിന്നും കണ്ടെത്താമെന്ന പിഴച്ചവാദത്തിന് എതിരായിപറഞ്ഞതാണല്ലോ, എന്നെ നന്നാവില്ല എന്നർത്ഥത്തിൽ താങ്കൾ പ്രതികരിച്ചത്. എങ്കിൽ കഴിഞ്ഞ മെയിലിൽ പറഞ്ഞതിനു പുറമെ ഒന്ന് രണ്ട് കാര്യത്തിനും കൂടി താങ്കൾ മറുപടി കണ്ടെത്തണം.
ഇസ്‌ലാമിൻെറ പ്രധാന അഞ്ച് കാര്യങ്ങളിലൊന്നാണ് സക്കാത്ത് കൊടുക്കൽ ഇതു ഖുർആൻ കൽപിച്ചവിഷയമാണെന്നതിൽ ശഹാദത്ത് കലിമ ചൊല്ലി ഇസ്‌ലാമിലേക്ക് വന്ന ആരും നിഷേധിക്കില്ല. എന്നാൽ ടീച്ചറോട്, വളരെ ബഹുമാനത്തോടെ ചോദിക്കട്ടെ വിശുദ്ധ ഖുർആനിൽ സക്കാത്ത് കൊടുക്കാൻ കൽപിച്ചത് സ്വർണ്ണം വെള്ളി എന്നിവയെക്കുറിച്ചാണ്. ഇന്ന് എല്ലാ രാജ്യങ്ങളിലും ഉള്ളത് നോട്ടാണ് ഈ നോട്ടിന്നു ഏതടിസ്ഥാനത്തിലാണ് സക്കാത്ത്കൊടുക്കുന്നത് ഖുർആൻകൊണ്ട് താങ്കളൊന്ന് തെളിയിക്കുമോ ? ഹദീസ് കൊണ്ടെങ്കിലും താങ്കൾ തെളിയിച്ചാൽ എൻെറ പേനയും കടലാസും മാറ്റി വെച്ച് ഈ ചർച്ചയിൽ നിന്ന് ഞാൻ പിന്മാറിക്കൊള്ളാം.

മറ്റൊരു കാര്യവുംകൂടി കള്ള്കുടിക്കൽ വൻപാപങ്ങളിൽ പെട്ടതാണ് അത് വിശുദ്ധ ഖുർആനിൽ പറഞ്ഞതുമാണ് അതിൽതർക്കമില്ല. പക്ഷേ, വിശുദ്ധ ഖുർആനിൽ പറഞ്ഞ കള്ള് മുന്തിരിച്ചാറിൽ നിന്ന് എടുക്കുന്ന കള്ളിനെ ക്കുറിച്ചാണ് പറഞ്ഞത് എന്ന് ഖുർആൻ നേർക്ക്നേർ തിരിയുന്ന സർവ്വമൗലവിമാരും അതുപോലെ മുസ്‌ലിയാക്കളും സമ്മതിക്കുന്ന കാര്യമാണ്. ഇന്ന് കാണുന്ന ചാരായം അതുപോലെ പുതിയ ഇനം വിലപിടിപ്പുള്ള (Brandy, Beer , whisky , Wine , Gin) തുടങ്ങിയ ഇന്ന് ഒട്ടനവധി കള്ളുകൾ ഉണ്ട്. ഇവയൊക്കെ വിശുദ്ധഖുർആനിൽ പറഞ്ഞ الخمر ഇനത്തിൽ പെടുത്തുന്നത് ഏതടിസ്ഥാനത്തിലാണ് ഖുർആൻ കൊണ്ട് താങ്കൾ എനിക്ക് തെളിയിച്ചു തരുമോ ?
സ്വഹാബത്തിന് തെറ്റ് പറ്റുമെന്ന് പറയുകയും, സഹാബത്ത് പറുക്കിയെടുത്ത് ഒരുമിച്ച്കൂട്ടിതന്ന,ഖുർആനിൽ തെറ്റ്ഇല്ല എന്ന് പറയുന്നതെങ്ങിനെ എന്ന് ചോദിച്ചതിന് ഒരു യുക്തിവാദിയുടെ ചോദ്യമായി താങ്കൾ അതിനെ അവഗണിക്കുകയുണ്ടായി. ഈ മേൽപറഞ്ഞചോദ്യങ്ങളും ആരീതിയിലായി താങ്കൾകാണുമോ എന്ന് എനിക്കറിയില്ല. കുടുങ്ങുന്ന സമയത്ത് അതു യുക്തിവാദമാണ് എന്ന് എന്തു അടിസ്ഥാനത്തിലാണ് താങ്കളെപ്പോലോത്തവർ പറയുന്നത്. രണ്ടിലൊരുകാര്യം ഉറപ്പാണ്. ഒന്നുകിൽ വിശുദ്ധ ഖുർആനിൽ അതിന്ന് തെളിവില്ലെന്ന് പറയണം. അല്ലെങ്കിൽ യുക്തി വാദത്തിലേക്ക് ആളെറിക്രൂട്ട് ചെയ്യുന്നജോലി അത്തരക്കാർ ഏറ്റെടുത്തിരിക്കുന്നു എന്ന് സമ്മതിക്കണം. അല്ലാഹു കാക്കട്ടെ.

താങ്കളുടെ വരികളിലേക്ക് പ്രവേശിക്കാം.
“ഞാൻ വലിയ പണ്ഡിതയൊന്നുമല്ല. ഇന്ന് ലോകത്ത് ഒരു പാട് പണ്ഡിതന്മാരുണ്ട്. അവർ ഈ വിഷയത്തിൽ (ഇസ്തിഗാസ) വ്യത്യസ്ഥ അഭിപ്രായക്കാരാണ്. ഇത് വിശ്വാസവുമായി അടുത്ത് ബന്ധപ്പെട്ടു നിൽക്കുന്നു. അത്തരം ഒരു വിഷയത്തിൽ ഖുർആൻ എന്തു പറയുന്നു എന്നു നോക്കുക“ فَإِن تَنَازَعْتُمْ فِى شَيْءٍ فَرُدُّوهُ إِلَى ٱللَّهِ وَٱلرَّسُولِ........നിങ്ങൾ എന്തിലെങ്കിലും തർക്കം വന്നാൽ അല്ലാഹുവിലേക്കും റസൂലി

ലേക്കും മടക്കുക. ഇതിൽ നിന്നും എന്താണ് മനസ്സിലകുന്നത് ? ഏത് കാലത്ത് തർക്കം വന്നാലും ആദ്യം ഖുർആനിൽ നോക്കുക പിന്നെ ഹദീസുകളുലും''

അവരവർക്കു ഖുർആൻ കൊണ്ടും ഹദീസ് കൊണ്ടും കാര്യങ്ങൾ മനസ്സിലാക്കാമെന്നാണ് ഈ ആയത്തിൻെറ ലക്ഷ്യമെങ്കിൽ താഴെ ആയത്തുകളുടെ വിവരണം ഖുർആൻ കൊണ്ടോ ഹദീസ് കൊണ്ടോ താങ്കൾ വിവരിച്ചു തരുമോ ?
كُلُّ شَيْءٍ هَالِكٌ إِلاَّ وَجْهَهُ അല്ലാഹുവിൻെറ മുഖമല്ലാതെ ബാക്കി സർവ്വവസ്തുക്കളും നശിച്ചുപോകുന്നതാണ് وَهُوَ مَعَكُمْ أَيْنَ مَا كُنتُمْ നിങ്ങൾ എവിടെയായിരുന്നാലും അവൻ നിങ്ങളുടെ കൂടെയുണ്ട് إِنَّ ٱلَّذِينَ يُبَايِعُونَكَ إِنَّمَا يُبَايِعُونَ ٱللَّهَ يَدُ ٱللَّهِ فَوْقَ أَيْدِيهِمْ അല്ലാഹുവിൻെറ കൈ അവരുടെ കൈൻെറ മേലെയാണ്. എന്നീ ആയത്തുകളുടെ അർത്ഥം എന്താണ് ഖുർആനിൻെറയോ ഹദീസിൻെറയോ അടിസ്ഥാനത്തിൽ ടീച്ചർ ഒന്നു പറഞ്ഞു തരുമോ ?
അറബിക് ഭാഷയിൽ അത്യാവശ്യം വിവരമുണ്ടായാൽ ഖുർആൻ മനസ്സിലാക്കാമെന്ന അബദ്ധജടിലമായ വാദം നമ്മെ നരകത്തിലേക്കെത്തിക്കാനുള്ള ഇബ്ലീസിൻെറ ശ്രമഫലം കൊണ്ടുണ്ടാവുന്നതാണെന്ന് മാത്രമേ അതിനെക്കുറിച്ച് പറയാനുള്ളൂ. അതിൻെറ പൂർണ്ണവിപത്ത് കഴിഞ്ഞമെയിലിൽ ഞാൻ താങ്കളെ അറിയിച്ചിരുന്നു. പക്ഷേ,,, ഒരു സുന്നിയായ എന്നിൽ നിന്നായത് കൊണ്ട് താങ്കൾ അത് ഗൗനിച്ചില്ല. എന്നേ പറയുന്നുള്ളൂ. അല്ലാതെ അൽപം ചിന്താശക്തിയുള്ള ഒരാൾക്ക് فَإِن تَنَازَعْتُمْ فِى شَيْءٍ فَرُدُّوهُ إِلَى ٱللَّهِ وَٱلرَّسُولِ,,,,,,,,,,എന്ന ആയത്തുമായി താങ്കൾ വരില്ലായിരുന്നു.
ഈ ആയത്ത് ഓതിക്കൊണ്ട് ഖുർആനിനെ അവനവൻ തോന്നിയതു പോലെ മനസ്സിലാക്കാമെന്ന താങ്കളുടെ വാദം എത്രകണ്ട് പിഴച്ചതാണെന്നുള്ളതിന് താങ്കൾക്കും ഇതു വായിക്കാൻ അവസരം കിട്ടുന്ന ഏതൊരാൾക്കും മനസ്സിലാക്കാൻ വേണ്ടി ഒരു ഉദാഹരണം ഞാൻ ഇവിടെ കുറിക്കുന്നു.
ഒട്ടനവവതി ഔശദഗുണങ്ങളുള്ള ഒട്ടേറെചെടികളും മറ്റും ഉപയോഗപ്പെടുത്തിയാണ് അയുർവൈദിക് മരുന്നുകൾ ഉണ്ടാക്കുന്നതെന്ന് എല്ലാവർക്കും നന്നായി അറിയാം. അയൂർവൈദിക് ഡോക്ടറെ ആവശ്യമില്ലാതെ തന്നെ ആചെടിയും ഇലകളും പറിച്ച് തിന്നാൽ നമ്മുടെ രോഗം മാറുമെന്ന് പറയുന്നത് എത്രകണ്ട് വിവരക്കേടാണ് എന്ന് നാം തിരിച്ചറിയുന്നുണ്ടോ ? خَلَقَ لَكُم مَّا فِى ٱلْأَرْضِ جَمِيعاًഭൂമിയിലുള്ളതൊക്കെ അല്ലാഹു നിങ്ങൾക്ക് വേണ്ടി സൃഷ്ടിച്ചതാണെന്ന ഖുർആൻ ആയത്ത്ഓതി ഡോക്ടറെ ആവശ്യമില്ലാതെതന്നെ അതുനമുക്ക് കഴിക്കാമെന്ന് പറയുന്നവൻെറ ഉദാഹരണമാണ് ഖുർആൻ പരിഭാഷനോക്കി മനസ്സിലാക്കാമെന്നു പറയുന്നത്. ഇതു തികച്ചും പിഴച്ച വാദമാണ് എന്നത് കഴിഞ്ഞ മെയിലിൽ ഞാൻ തെളിയിച്ചിട്ടുണ്ട്. അതിന് താങ്കൾ ഒരുമറുപടിയും തന്നിട്ടില്ല. ഇനി തരാൻ കഴിയുമെന്ന് തോന്നുന്നുമില്ല. കാട്ടിൽപോയി മേൽപറഞ്ഞ ചെടികൾപറുക്കി കഴിച്ചാൽ മതിയെന്ന് വാദിക്കുകയും അതെടുത്ത് കഴിക്കുകയുംചെയ്താൽ ചിലപ്പോൾജീവൻതന്നെ നഷ്ടപ്പെടാൻ അത് കാരണമാകുന്നതാണ്. ഇതു പോലെ ഖുർആനിലേക്കും ഹദീസിലേക്കും മടങ്ങണമെന്ന ആയത്തിന് ആരീതിയിൽ വ്യാഖ്യാനിച്ചാൽ അവൻപിഴച്ചു പോകുന്നവരിൽപെട്ടുപോകും. ഖുർആനും ഹദീസും തൊട്ടു പോകരുതെന്ന് പറഞ്ഞു പേടിപ്പെടുത്തുകയല്ലചെയ്യുന്നത്. അങ്ങിനെ ചെയ്യുന്നതായി താങ്കളുടെ മെയിലിൽ സൂചന കണ്ടു. ടീച്ചർ ഇത്തരത്തിൽ വ്യാഖ്യാനിക്കുന്നത് ശരിയല്ല. يُضِلُّ بِهِ كَثِيراً وَيَهْدِى بِهِ كَثِيراً

ഒട്ടേറെ പേരെ നേർവഴിയിലേക്കും ഒട്ടേറെ പേരെ വഴികേടിലാക്കുന്നതും ഖുർആൻ തന്നെയെന്നു വിശുദ്ധ ഖുർആൻ പറഞ്ഞത് താങ്കൾ ഓർക്കുന്നില്ലേ ?
മറ്റൊരു ആയത്തിൽ അല്ലാഹു പറയുന്നു.

وَلَوْ رَدُّوهُ إِلَى ٱلرَّسُولِ وَإِلَىٰٓ أُوْلِى ٱلْأَمْرِ مِنْهُمْ لَعَلِمَهُ ٱلَّذِينَ يَسْتَنۢبِطُونَهُۥ مِنْهُمْ وَلَوْلَا فَضْلُ ٱللَّهِ عَلَيْكُمْ وَرَحْمَتُهُۥ لَٱتَّبَعْتُمُ ٱلشَّيْطَانَ إِلَّا قَلِيلًا

അവർ റസൂലിങ്കലേക്കും അവരിൽ നിന്നു കാര്യബോധമുള്ളവരിലേക്കും തിരിച്ചിരുന്നെങ്കിൽ അവരിൽ നിന്നു അതിന്റെ സൂക്ഷ്മാവസ്ഥ കണ്ടുപിടിക്കാൻ കഴിയുന്നവർ അത് മനസ്സിലാക്കുമായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും നിങ്ങൾക്ക് ലഭിച്ചിരുന്നില്ലെങ്കിൽ നിങ്ങളിൽ ചുരുക്കം പേരൊഴിച്ച് മറ്റുള്ളവരെല്ലാം പിശാചിനെ പിൻപറ്റുമായിരുന്നു. (സൂറത്തുന്നിസാഅ് 83)
ഇവിടെ അല്ലാഹു പറയുന്നതെന്താ അല്ലാഹുവിലേക്കും റസൂലിലേക്കും അവരിൽ നിന്ന് കാര്യ ബോധമുള്ളവരിലേക്കും തിരിച്ചിരുന്നെങ്കിൽ അവരിൽ നിന്നു അതിന്റെ സൂക്ഷ്മാവസ്ഥ കണ്ടുപിടിക്കാൻ കഴിവുള്ളവർ അതുമനസ്സിലാക്കുമായിരുന്നു.

ഈ ആയത്തിൽ അല്ലാഹു നമുക്ക് വിവരിച്ചു തരുന്ന കാര്യബോധമുള്ളവർ ആരാണ് ? ഞാൻ മുമ്പ് അയച്ച മെയിൽ ഈ ആയത്തു മുമ്പിൽവെച്ച് ഒരാവർത്തി കൂടി താങ്കൾ വായിക്കണം. ഞാൻ അതിൽ വിവരിച്ചതും ഈ ആയത്തുമായുള്ള ബന്ധം താങ്കൾക്ക് പിടികിട്ടും.
മുആദിബിൻ ജബൽ(റ) പ്രവാചകൻ(സ) യെമനിലേക്ക് അയക്കുന്ന സമയത്ത് അദ്ദേഹം പറഞ്ഞത് താങ്കൾ സൂചിപിച്ചു. ഞാൻ ഖുർആനും ഹദീസും നോക്കി പ്രവർത്തിക്കുമെന്ന് പറഞ്ഞതിനെ താങ്കൾ ചൂണ്ടിക്കാണിച്ചത് എന്തിനാണ് ? ഇതു പോലെ നമുക്കും ഖുർആനും സുന്നത്തുമനുസരിച്ച് പറയാമെന്നല്ലേ ? മുആദു ബിൻ ജബൽ നേർക്ക് നേർ റസൂലുല്ല(സ)യിൽ നിന്ന് പഠിച്ച ദീൻ അങ്ങിനെതന്നെ അവിടെ പറഞ്ഞു കൊടുക്കുമെന്നു പറഞ്ഞതിലെന്താ കുഴപ്പം ? അവർ അതിന് അർഹരായവരാണ്. അവരെ മുമ്പിലേക്കാണ് അല്ലാഹു ഖുർആൻ ഇറക്കിയിട്ടുള്ളത് അവർ തിരുനബി(സ)യുടെ കൂടെ ജീവിച്ചവരാണ്. തുണ്ടം ആയത്തും തുണ്ടം ഹദീസ് കൊണ്ടും കളിക്കുന്നവരല്ല അവർ.

താങ്കളുടെ അടുത്ത വരിയിലേക്ക് :
ഈ ഉമ്മത്തിലെ എല്ലാവരുടെയും ഖിബ്‌ല ഒന്നാണ്, കിതാബ് ഒന്നാണ് , റസൂൽ ഒന്നാണ്. എന്നിട്ടും പരസ്പരം ചീത്ത പറയുന്നതിനും കാഫിറാക്കുന്നതിനും ഒരു ലക്കും ലഗാനുമില്ല.
തീർച്ചയായും താങ്കൾ ഈ പറഞ്ഞത് സത്യമാണ് പക്ഷേ, താങ്കൾ ഇതു പറയേണ്ടത് ജമാഅത്തെ ഇസ്‌ലാമിയുടെ അമീർ ആരാണോ അവരോടും മുജാഹിദിന്റെ നേതാക്കളോടും, താങ്കൾ ഈ സത്യം തുറന്ന് പറഞ്ഞാൽ അല്ലാഹുവിന്റെ അടുത്ത് ഒരു ശഹീദിന്റെ കൂലിതാങ്കൾക്ക് കിട്ടും. സ്വന്തം നേതാക്കളുടെ മുഖം നോക്കി പറയാൻ ആർജ്ജവം കാണിക്കണം അതിനു താങ്കൾക്കു സാധിക്കുമോ ?
ഇസ്‌ലാമിന്റെ പേരിൽ പുതുതായിവന്നു, ആളുകളെ നിസ്കരിപ്പിക്കുകയാണെന്ന തട്ടിപ്പിലൂടെ കേരള മുസ്‌ലിംകളിൽ ഇടം നേടിയ മുജാഹിദുകളും അതിന് ശേഷം മൗലാനാ മദൂദിയുടെ ഹുകൂമത്തെ ഇലാഹിയുമായി വന്ന ജമാഅത്തുകാരുമാണ് ഇവിടെഭിന്നിപ്പിന്റെ വിത്ത്പാകിയത് അവരാണ്. അവരാണ് മുസ്‌ലിം ഉമ്മത്തിനെ കാ

ഫിർ ആക്കുന്നതും മുശ്രിക്ക് ആക്കുന്നതും, താങ്കളും ഇതിൽ നിന്ന് ഒരൽപവും പിന്നോട്ടില്ല എന്നനിലക്കാണ് താങ്കളുടെകത്തും തെളിയിക്കുന്നത്.
നിങ്ങൾ കേരളത്തിൽ വരുന്നത് വരെ നിസ്കരിച്ചിരുന്ന ഇരുപത് റകഅത്ത് തറാവീഹിനെ വെട്ടിച്ചുരുക്കി എട്ടാക്കിയിട്ട് തമ്മിൽ തല്ലാനാക്കിയത് നിങ്ങൾഅല്ലേ ? ആളുകൾക്ക് തിരിയണമെന്ന പേരിൽ നിങ്ങൾ ഇവിടെ വന്ന് ഖുതുബ പരിഭാഷക്കു വേണ്ടി മുറവിളികൂട്ടി പള്ളികളിൽ തല്ല്കൂടലിന് തുടക്കംകുറിച്ചത് നിങ്ങൾ അല്ലേ ?
നാളിത്വരെ വീട്ടിൽനിന്ന് നിസ്കരിച്ചിരുന്നസ്ത്രീകളെ പള്ളിയിലേക്ക് കൊണ്ട് പോയി പള്ളിയിൽബഹളവും പള്ളി പോലീസ്വന്ന് പൂട്ടിക്കുന്നേടത്ത്വരെ എത്തിച്ചത് മുജാഹിദ് , ജമാഅത്ത് ഇസ്ലാമി അല്ലേ മറുപടിയുണ്ടോ ?
നിങ്ങൾക്ക് കാൽകുത്താൻ സാധിക്കാത്തസ്ഥലം ഇന്നും കേരളത്തിൽ ഇല്ലേ അവിടെ വല്ലകുഴപ്പവും ഉണ്ടോ ? എവിടെയെങ്കിലും സുന്നികൾ പരസ്പരം ഏറ്റുമുട്ടുന്നുണ്ടെങ്കിൽ അതിനുത്തരവാദിയും നിങ്ങളാണ് കാരണം നിങ്ങളാണ് പള്ളികളിൽ തല്ല്കൂടാൻ തുടക്കംകുറിച്ചത്. വളരെ ആധരവോടെ പള്ളി കൊണ്ട് നടന്നിരുന്ന കാലം പള്ളിയിൽ ദിക്റും സ്വലാത്തും ഒരു പ്രശ്നവുമില്ലാതെ നടത്തിയിരുന്ന കാലം നിങ്ങളുടെ രംഗപ്രവേശനത്തോടെയാണ് അവിടെയുള്ള ആദരവുകൾ നഷ്ടപ്പെടുത്തിയതും പ്രശ്നങ്ങൾ ഉണ്ടായതും.
ഇനി ഞാൻ താങ്കളോട് ചോദിക്കട്ടെ ? ഇവിടെ തൊണ്ണൂറ്റി അഞ്ച് ശതമാനവും സുന്നികളാണ് ഇവരെ എന്തിന്റെ അടിസ്ഥാനത്തിലാണ് നിങ്ങൾ(ജമാഅത്തെഇസ്ലാമിയും മുജാഹിദും) മുശ്രിക് ആക്കുന്നത് ? നമ്മുടെ ഖിബ്ല ഒന്നല്ലേ ? നമ്മുടെ പ്രവാചകൻ ഒന്നല്ലേ ? നമ്മുടെ കിതാബ് ഒന്നല്ലേ ? പുതുതായി ഈ കേരളമണ്ണിൽ കയറിക്കൂടിയനിങ്ങൾ എന്തിനാണ് മുശ്രിക് ആക്കുന്നത് ? താങ്കൾ പ്രകടിപ്പിക്കുന്ന സ്നേഹം ഒരൽപമുണ്ടെങ്കിൽ ഇതിനു മറുപടി പറയൂ. എനിക്കയച്ച മെയിലിൽ താങ്കൾ മുജാഹിദുകളെക്കുറിച്ച് പരാമർശിക്കുമ്പോൾ സ്വന്തം എളാപ്പാന്റെ മക്കളെപ്പോലെയുള്ള പരാമർശമാണ്, താങ്കളുടെ സ്കൂളിൽ പഠിക്കുന്ന സുന്നികളായ ആ കുരുന്ന്മക്കളോടുള്ള പ്രതികരണമെങ്കിലും മുജാഹിദുകളോട് കാണിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു. (എനിക്കയച്ച മെയിലിൽനിന്ന്മനസ്സിലായത്) ഇത്ര തീവ്ര ശൈലി ഞാൻ പ്രയോഗിക്കാറില്ല പക്ഷേ, താങ്കളുടെ മുതലക്കണ്ണീർ കാണുമ്പോൾ എഴുതിപ്പോയതാ,,,,,,,,,,,,,,,,,,,,,,,,,,,,,,,

തങ്കളുടെ അടുത്തവരിയിലേക്ക് :
അദുല്ലാ, നീ ഒന്നാലോചിച്ചുനോക്ക് സ്വഹാബിമാർ നബി(സ)ക്ക് ശേഷം ഖുർആൻ ക്രോഡീകരണത്തിൽ രണ്ട് തട്ടിലായി.
തങ്കളുടെ മറ്റൊരുവരിയും കൂടി കാണുക രണ്ടിനും ഒറ്റമറുപടി:
(സൈറ്റിൽ)ചില ആളുകളുടെ കത്തുകൾവായിച്ചു അതിൽ ഒക്കെ കൊള്ളാം, പക്ഷേ, പുത്തൻവാദികൾ, മൗദൂദികൾ എന്നീ പ്രയോഗങ്ങൾ.....അതൊക്കെ അവരുടെ എല്ലാ അമലുകളും പോരുന്നവയാണ്.
ഖുർആൻ ക്രോഡീകരണ വിഷയത്തിൽ സ്വഹാബത്തിൽ നിന്ന് ചിലർ വ്യത്യസ്ഥ അഭിപ്രായം പ്രകടിപ്പിച്ചത് ശരിയാണ് പക്ഷേ, അത് അപ്പോൾ തന്നെ പരിഹരിക്കുകയും യോജിപ്പിലെത്തുകയും ചെയ്തില്ലേ ? ഈ വിഷയം എന്തിനാണ് താങ്കൾ ഇവിടെ എടുത്തിട്ടത് സ്വഹബത്തിന് തെറ്റ് പറ്റില്ല എന്ന് പറഞ്ഞ എനിക്ക് താങ്കൾ ഇത് കുറിച്ചത് എന്തിനാണ് ? അവരെ താറടച്ചിട്ട് താങ്കൾക്ക് എന്തു നേടാനാണ് ? ആ

വിഷയം ഇവിടെ ഉദ്ധരിക്കാൻ വല്ല കാരണവും വേണ്ടേ ? സ്വഹാബത്തിനെ ഇകഴ്ത്തുക എന്ന ഒറ്റലഷ്യമേയുള്ളൂ താങ്കൾക്കെന്തു പറ്റി ? സ്വന്തം നേതാവിൻെറ പേര് ചേർത്ത് വിളിച്ചപ്പോൾ ' അമൽ ' പോയിപ്പോകും സ്വഹാബത്തിനെ ഇകഴ്ത്തിയാൽ ഒരു കുഴപ്പവുമില്ല ഇത് ഈമാനിൻെറ കുറവ് എന്നേ പറയുന്നുള്ളൂ. താങ്കളുടെ വരികളിലുള്ളതാണിത് അല്ലാതെ വെറുതെ പറയുന്നതല്ല. മൗദൂദികൾ എന്ന് പറഞ്ഞാൽ അമലൊക്കെ നഷ്ടപ്പെട്ടു പോകുമെന്നാണ് താങ്കളുടെവെളിപ്പെടുത്തൽ.

സ്വന്തം നേതാവിൻെറ പേരിൽഅറിയപ്പെടുന്നതിനെ താങ്കൾഎന്തിനാ ഇത്ര രോഷം കൊള്ളുന്നത്. ഓരോ പ്രസ്ഥാനവും അവരുടെ നേതാക്കളുടെ പേരിൽ അറിയപ്പെടുന്നത് അഭിമാനിക്കുകയല്ലേ വേണ്ടത്. നേതാവിൻെറ കയ്യിലിരിപ്പ് ശരിയില്ലെങ്കിൽ മാത്രമേ അതിൽ രോഷം കൊള്ളേണ്ടതുള്ളൂ. നിങ്ങൾ അംഗീകരിക്കാത്ത വല്ല വാദവും മൗലാനാ മൗദൂദിക്ക് ഉണ്ടായിരിക്കാം എന്ന് ഞാൻ മനസ്സിലാക്കുന്നു. ആയതിനാലാണ് താങ്കൾക്ക് നമ്മുടെ സൈറ്റിൽ ചിലർ അവരുടെ അനുഭവങ്ങൾ എഴുതിയതിൽ മൗദൂദികൾ എന്ന് ചേർത്തത് താങ്കൾക്ക് ഇഷ്ടപ്പെടാതെപോയത്. പുത്തൻ വാദികൾ എന്ന് പറഞ്ഞാൽ ദീനിൻെറ പേരിൽ പുതിയ ആശയവുമായി വന്നവർ എന്നാണർത്ഥം.

താങ്കളുടെ അടുത്ത വരികളിലേക്ക് :
മോനെ, അല്ലാഹും റസൂലും ഇസ്തിഗാസക്ക് പ്രേരിപ്പിച്ചിട്ടുണ്ടെങ്കിൽ അതു ചെയ്യാൻ എനിക്കൊരു വിഷമവും ഇല്ല.
സ്വഹാബത്തിന് തെറ്റു പറ്റുമെന്നുള്ളത് താങ്കൾ അംഗീകരിക്കുന്നുണ്ടോ എന്ന് ഞാൻ കഴിഞ്ഞ മെയിലിൽ ചോദിച്ചതിന് താങ്കൾ മറുപടി പറഞ്ഞിട്ടില്ല. സ്വഹാബത്തിൽനിന്ന് ദീൻ നേരിട്ട്പഠിച്ച പൂർവീകഇമാമീങ്ങളുടെ അഭിപ്രയം, അതുപോലെ അവർ ചെയ്ത ഇസ്തിഗാസ താങ്കൾ അംഗീകരിക്കുമോ എന്നും ഞാൻ കഴിഞ്ഞ മെയിലിൽ താങ്കളോട് ചോദിച്ചിരുന്നു. അതിന് താങ്കൾ മറുപടി പറഞ്ഞിട്ടില്ല.
ആയതിനാൽ കഴിഞ്ഞ മെയിലിന് വ്യക്തമായ മറുപടി അയച്ചാൽ ഇമാമീങ്ങൾ ഇസ്തിഗാസ ചെയ്തതിനുള്ള രേഖ ഇൻശാഅല്ലാഹ് താങ്കൾക്ക് അയച്ചുതരാം. സുന്നികൾ സ്വാലിഹീങ്ങളെയും ഇമാമീങ്ങളെയും അംഗീകരിക്കുന്നവരാണ്. പ്രവാചകന്മാരുടെ മാർഗ്ഗവും അതാണ് എന്താ സംശയമുണ്ടോ ? എങ്കിൽ കാണുക.

رَبِّ قَدْ آتَيْتَنِى مِنَ ٱلْمُلْكِ وَعَلَّمْتَنِى مِن تَأْوِيلِ ٱلْأَحَادِيثِ فَاطِرَ ٱلسَّمَاوَاتِ وَٱلْأَرْضِ أَنتَ وَلِيِّى فِى ٱلدُّنْيَا وَٱلْآخِرَةِ تَوَفَّنِى مُسْلِماً وَأَلْحِقْنِى بِٱلصَّالِحِينَ

എൻെറ രക്ഷിതാവേ, എനിക്ക് നീ ആധിപത്യം നൽകുകയും സ്വപ്നങ്ങളുടെ വ്യാഖ്യാനം പഠിപ്പിക്കുകയും ചെയ്തു. ആകാശ ഭൂമികളുടെ സൃഷ്ടാവേ നീയാണ് ഇഹത്തിലും പരത്തിലും എൻെറ രക്ഷാധികാരി എന്നെ നീ മുസ്‌ലിമായി മരിപ്പിക്കുകയും സജ്ജനങ്ങളുടെ കൂട്ടത്തിൽ ചേർക്കുകയും ചെയ്യേണമേ (എന്ന് യൂസുഫ് നബി(അ) പ്രാർത്ഥിച്ചു.
ഈ ആയത്തിൻെറ അവസാന ഭാഗത്ത് നീ എന്നെ സജ്ജനങ്ങളുടെ കൂട്ടത്തിൽ ചേർക്കേണമേ എന്ന് യൂസുഫ് നബി(അ) പ്രാർത്ഥിച്ചതെന്തിനാ ? നീ എന്നെ മുസ്‌ലിമായി മരിപ്പിക്കേണമേ എന്ന് പറഞ്ഞാൽ തന്നെ അതിൽ ഒക്കെയും അടങ്ങിയില്ലേ ? ചിന്തിക്കുന്നവർക്ക് ഇതിൽ ഒട്ടേറെ മനസ്സിലാക്കുവാനുണ്ട്. എല്ലാവരും അവരവർക്ക് തോന്നിയത് പോലെ ഖുർആനും ഹദീസും മനസ്സിലാക്കി ജീവിച്ച് അല്ലാഹു

വിനോട് മാത്രം സഹായം ആവശ്യപ്പെടുന്നവരാണെന്നവകാശപ്പെട്ടു മരിച്ച് ആഖിറത്തിൽ ചെല്ലുമ്പോൾ അവിടെ സ്വാലിഹീങ്ങളുടെ കൂടെയുണ്ടാവില്ല. അവിടെ വെച്ച് പടച്ചവനേ ഞാൻ നിൻെറ ഖുർആനും തിരുസുന്നത്തും നോക്കി ഞാൻ തന്നെ മനസ്സിലക്കി ജീവിച്ചവളാണ് ആയതിനാൽ എന്നെ പരിഗണിക്കണമെന്ന് പറഞ്ഞാൽ അവിടെ നടക്കില്ല, അവിടെ നടക്കുക സ്വാലിഹീങ്ങളുടെ കൂടെ ജീവിച്ച് സ്വാലിഹീങ്ങൾ കാണിച്ച് തന്ന വഴിയിൽ ചലിക്കുകയും അവസാനം സ്വാലിഹീങ്ങളുടെ പ്രാർത്ഥന കരസ്ഥമാക്കുന്നവരായി മരിച്ച് ആഖിറത്തിൽ സ്വാലിഹീങ്ങളോടൊപ്പം എത്തിച്ചേരുകയാണുണ്ടാവുക. ഇതിൽ താങ്കൾക്ക് സംശയമുണ്ടോ ?
ഉണ്ടെങ്കിൽ ഇതുംകൂടികാണുക.

وَمَن يُشَاقِقِ ٱلرَّسُولَ مِن بَعْدِ مَا تَبَيَّنَ لَهُ ٱلْهُدَىٰ وَيَتَّبِعْ غَيْرَ سَبِيلِ ٱلْمُؤْمِنِينَ نُوَلِّهِۦ مَا تَوَلَّىٰ
وَنُصْلِهِۦ جَهَنَّمَ وَسَآءَتْ مَصِيراً

തനിക്ക് സന്മാർഗ്ഗം വ്യക്തമായിക്കഴിഞ്ഞിട്ടും വല്ലവനും അല്ലാഹുവിൻെറ റസൂലുമായി ഭിന്നിച്ച് നിൽക്കുകയും സത്യവിശ്വാസികളുടെ വഴിയല്ലാത്തതിനെ പിൻപറ്റുകയും ചെയ്യുന്നതായാൽ അവൻ തിരിഞ്ഞഭാഗത്തേക്ക് ഞാൻ അവനെതിരിക്കും അവസാനംഅവനെ നാംനരകത്തിലിട്ട് കത്തിക്കുകയുംചെയ്യും. അത് എത്രദുഷിച്ച സങ്കേതം. (അന്നിസാഅ് 115)

ഇവിടെ അല്ലാഹു വളരെ വ്യക്തമായി പറഞ്ഞതു ചിന്താ ശക്തി ഏതെങ്കിലും പ്രസ്ഥാനത്തിൽ പണയം വെക്കാത്തവർക്ക് മനസ്സിലാക്കാൻ കഴിയും. ഖുർആനിൻെറയും ഹദീസിൻെറയും വഴിയല്ലാത്തവ പിൻപറ്റുകയും എന്നല്ല അല്ലാഹു പറഞ്ഞത്, സത്യവിശ്വാസികളുടെ വഴിയല്ലാത്തതിനെ പിൻപറ്റുകയും ചെയ്യുന്നവരാണെന്നാണ് വളരെ വ്യക്തമായി അല്ലാഹു നമ്മെ പഠിപ്പിക്കുന്നത്. താങ്കൾ ജമാഅത്ത് ഇസ്ലാമിക്കാരിയാണല്ലോ. താങ്കൾ നെഞ്ചത്ത് കൈവെച്ചു ഒരുനിമിഷം ചിന്തിക്കാൻ തയ്യാറാവുക.

താങ്കളുടെ അടുത്ത വരിയിലേക്ക് :

ഇമാം ശാഫിഈ(റ)യൊക്കെ ഇസ്തിഗാസയെ അനുകൂലിച്ചിരിക്കും എന്ന് എനിക്ക് തോന്നുന്നില്ല എന്തായാലും തെളിവുകൾ ഉണ്ടെങ്കിൽ നീ അറിയിക്കുക.

പൂർവീകരായ ഒറ്റ ഇമാമീങ്ങളും ഇസ്തിഗാസയെ ശിർക്കാണെന്ന് പറഞ്ഞിട്ടില്ല മാത്രമല്ല അവരൊക്കെ ഇസ്തിഗാസ ചെയ്യവരുമാണ്. അടുത്ത മെയിലിൽ തെളിവുകൾ അയച്ചു തരാമെന്ന് ഞാൻ പറഞ്ഞിരുന്നു. അൽ ഹംദുലില്ലഹ്, അവരൊക്കെ ഇസ്തിഗാസ ചെയ്ത തെളിവ് എൻെറ അടുത്ത് ഉണ്ട്. ഇതിൽ ഞാൻ അയക്കുന്നില്ല കാരണം കഴിഞ്ഞ മെയിലിൽ ഞാൻ എഴുതിയതിനെയൊക്കെ വിമർശിക്കുകയും അടിസ്ഥാനപരമായി തന്നെ നമ്മൾ തെറ്റാൻ പോവുകയാണെന്നും താങ്കൾ തുടക്കത്തിൽ തന്നെ പറയുന്നുണ്ട്. ഇമാമീങ്ങൾ ഇസ്തിഗാസ ചെയ്തത് തെളിയിച്ചാൽ താങ്കൾ അതുഉൾക്കൊള്ളുമോ ? താങ്കളുടെമറുപടി വായിച്ചപ്പോൾ ഇമാമീങ്ങളെ തന്നെ സ്വീകരിക്കാൻ തയ്യാറല്ല എന്നു മനസ്സിലാവുന്നു فَإِن تَنَازَعْتُمْ......... എന്ന ആയത്തുദ്ധരിച്ച് താങ്കൾ പറഞ്ഞതാണല്ലോ. ഇമാമീങ്ങളെ അംഗീകരിക്കാത്തവർ അവരുടെ തെളിവുകൾ എങ്ങനെ സ്വീകരിക്കും ? ഞാൻ സമയം ചിലവഴിച്ച് മെനെക്കിട്ടിരുന്നു ടയ്പ് ചെയ്തു തയ്യാറാക്കിയാൽ സത്യം മനസ്സിലാക്കുമെന്നുള്ള ഒരു പ്രതീക്ഷയെങ്കിലും ഉണ്ടാവണ്ടേ ? കഴിഞ്ഞ മെയ്‌ലിനു തികച്ചും പുറം തിരിഞ്ഞാണ് താങ്കൾ മറുപടി അയച്ചത്. താങ്കൾ ജമാഅത്ത് വിടണമെന്നുള്ള അഭിപ്രായം എനിക്കി

ല്ല. എങ്കിലും സത്യം ആരു പറഞ്ഞാലും ആ പറഞ്ഞതു സത്യമാണെന്നുള്ള നല്ല മനസ്സെങ്കിലുംഉണ്ടായിരിക്കണം എങ്കിലേ ഇതൊക്കെകൊണ്ടു നേട്ടമുണ്ടാകുകയുള്ളൂ. ആയതിനാൽ താങ്കളുടെ വ്യക്തമായ മറുപടി വന്നാൽ ഇൻ ശാഅല്ലഹ്. പൂർവീകർ ചെയ്ത ഇസ്തിഗാസയെക്കുറിച്ച് വ്യക്തമായി അറിയിക്കുന്നതാണ്.

അവസാനമായി സുബൈദ ടീച്ചറോട് പറയുവാനുള്ളത്. താങ്കൾ അയച്ച മെയ്‌ലിൽ സൂചിപ്പിച്ച എല്ലാ വിവരത്തിനും 'അൽ ഹംദുലില്ല'മറുപടികുറിച്ചിട്ടുണ്ട്. ഇത് പോലെ മുംമ്പ് ഞാൻ അയച്ച മെയിൽ ഒരാവർത്തി കൂടി വായിക്കണം എന്നിട്ട് അതിന് വ്യക്ത്മായ മറുപടി ഞാൻ പ്രതീക്ഷിക്കുന്നു.
സ്വന്തം മന:പാഠമാക്കി വെച്ചത് കുറിക്കുന്നതിനേക്കാൾ മുഴുവൻ വായിച്ച് അതിനു ഒരു വ്യക്തമായ മറുപടി അയക്കാൻ താങ്കൾ തയ്യാറായാൽ ഞാൻ സംതൃപ്തനാണ്. ഇതു താങ്കളുടെ വ്യക്തി പ്രശ്നമോ എൻെറ വ്യക്തിപരമായ പ്രശ്നമോ അല്ല. അല്ലാഹുവിൻെറ ദീനിനെക്കുറിച്ചുള്ള വിഷയമാണ്. താങ്കൾ മനസ്സിലാക്കിയത് പോലെ താങ്കളൊരുജമാഅത്തു കാരിയായത് കൊണ്ട് അറപ്പോടെകാണുക എന്ന നയം ഇല്ല. സത്യം പറഞ്ഞു കൊടുക്കുക എന്നുള്ളതു മാത്രമാണ് നമ്മുടെ ലക്ഷ്യം ഇവിടെയുള്ള എല്ലാ മുജാഹിദുകളും അതു പോലെ ജമാഅത്തുകാരും മറ്റു എല്ലാവരും നേർവഴി സ്വീകരിക്കണമെന്നും അവരോടൊപ്പം സ്വർഗ്ഗത്തിൽ കടക്കണമെന്നുമാണ് നമ്മുടെ ആഗ്രഹം. അതിന് അല്ലാഹു തഫീഖ്ചെയ്യട്ടെ. സത്യംസത്യമായി കാണുവാനും അതനുസരിച്ച് ജീവിക്കുവാനും സത്യത്തിനെതിരെ നിൽക്കുന്നവരോട് നല്ല നിലയിൽ കാര്യങ്ങൾപറഞ്ഞ്കൊടുത്ത് സത്യത്തിലേക്ക് കൊണ്ടുവരാനും നാഥൻ തുണക്കട്ടെ. ആമീൻ
ഇത്രയും എഴുതിയതിൽ നിന്നും താങ്കളെ വിഷമിപ്പിക്കുന്ന വല്ലതും വന്നു പോയിട്ടുണ്ടെങ്കിൽ ദീനിന് വേണ്ടിയാണെന്ന് മനസ്സിലാക്കി എന്നോട് പൊരുത്തപ്പെടുക.
എന്ന് സഹോദരൻ,,,
സി. പി. അബ്ദുല്ല ചെരുമ്പ


www.islamkerala.com

e-mail : abdulla_cherumba@yahoo.com
Mobile : 00971 50 7927429